സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ഷേത്ര ജീവനക്കാരെ 01.07.2017 മുതൽ ക്ലാസ് IV ജീവനക്കാരായി അംഗീകരിച്ചത് - ചെലവ് ചുരുക്കലിന് പഠനം നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച സംഗതി - കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാലാവധി ദീർഘിപ്പിച്ചും ജീവനക്കാരുടെ 2017 ലെ പൊതുസ്ഥലംമാറ്റം നീട്ടിവച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5600/12/Est-I** നന്തൻകോട്, **13/4/2017**

---

പരാമർശം :- (1) 04-3-2017, 15-3-2017 എന്നീ തീയതികളിലെ ROC 15691/15/Est-1 നമ്പർ ഉത്തരവുകൾ.

(2) വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ 07-4-2016 ലെ ROC 50/17/NS നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കണ്ടിജൻസി വിഭാഗമായിരുന്ന ക്ഷേത്ര ജീവനക്കാർക്ക് 01-7-2017 പ്രാബല്യത്തിൽ ലാസ്റ്റ് ഗ്രേഡ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നിലവിലുള്ള പാർട്ട് ടൈം ക്ഷേത്രങ്ങളിൽ ഫുൾടൈം ആക്കേണ്ടുന്നവ അപ്രകാരം ആക്കുന്നതിനും ശാന്തി ലാവണം മാത്രമുള്ള ക്ഷേത്രങ്ങളിൽ വഴിപാട് രസീത് എഴുതുന്നതിനും റിക്കാർഡുകൾ കൈകാര്യം ചെയ്യുന്നതിനും ശാന്തി ജോലി ഒഴിച്ചുള്ള മറ്റെല്ലാ ജോലികളും നിരവ്വഹിക്കുന്നതിനുമായി ഒരു തസ്തിക കൂടി വരത്തക്കവിധം ക്രമീകരണം ഏർപ്പെടുത്തുന്നതിനും തീരുമാനിച്ച് ഇതിലേക്ക് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ആയത് കണ്ടെത്തുന്നതിലേക്കായി ആഫീസ്, സബ്ഗ്രൂപ്പ്, ദേവസ്വങ്ങളിലെ ആവശ്യ തസ്തികകൾ മാത്രം നിലനിർത്തി മറ്റുള്ളവ കുറവു ചെയ്യുന്നതിനും സബ്ഗ്രൂപ്പുകൾ കുറവ് ചെയ്യാവുന്നവ കുറവ് ചെയ്യുന്നതിനും സംയോജിപ്പിക്കാവുന്നത് സംയോജിപ്പിക്കുന്നതിനും ജോലിഭാരം കുറവുള്ള തസ്തികകൾ സംയോജിപ്പിക്കുന്നതിനും out source ചെയ്യാവുന്ന പരമാവധി തസ്തികകൾ out source ചെയ്യുന്നതിനും ആവശ്യമായ മറ്റു ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും തീരുമാനിക്കുകയും ഇതുസംബന്ധിച്ച പഠന റിപ്പോർട്ട് 15-4-2017 നകം സമർപ്പിക്കുന്നതിന് വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവായി (പരാമർശം - 1).

പഠന റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ പാർടൈം ലാവണങ്ങൾ പലതും ഫുൾടൈം ആകുമെന്നും തസ്തികകൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ സ്ഥലംമാറ്റേണ്ട സാഹചര്യം ഉണ്ടാകാനിടയുള്ളതാണെന്നും ആകയാൽ പഠന റിപ്പോർട്ട് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയശേഷം ജീവനക്കാർക്ക് സ്ഥലംമാറ്റം സംബന്ധിച്ച് ഒരിക്കൽകൂടി അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകുന്നതാണ് ഉചിതം എന്നും കൂടാതെ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനാലും, ശബരിമല ദേവസ്വം തിരുവുത്സവം, വിഷു, ആധാരശിലാ സമർപ്പണം എന്നിവ സംബന്ധിച്ച് നല്ലൊരുശതമാനം ഉദ്യോഗസ്ഥരും ശബരിമല ഡ്യൂട്ടിയിലായതിനാലും എല്ലാ ഗ്രൂപ്പുകളിലും ഓഫീസുകളിലും നേരിട്ടെത്തി ചർച്ച ചെയ്ത് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 10/05/2017 വരെ സമയം ദീർഘിപ്പിച്ചു നൽകണമെന്നും വിവരിച്ചുള്ള വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

(മറുപുറം)

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ 2017 ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ പഠന റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ വരുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടും ജീവനക്കാർക്ക് അസൗകര്യവും ഉണ്ടാകുവാനിടയുള്ളതിനാൽ തൻവർഷത്തെ സ്ഥലമാറ്റ നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കുന്നതിനും ഇക്കാര്യം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചശേഷം വീണ്ടും അപേക്ഷകൾ ക്ഷണിച്ച് എല്ലാ വിഭാഗം ജീവനക്കാരുടേയും പൊതുസ്ഥലംമാറ്റ നടപടികൾ പുനരാരംഭിക്കുന്നതിന് അനുമതി നൽകിയും വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് പരിഗണിച്ച് പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി 10/05/2017 വരെ ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും – നടപടിക്കായി
2. ശ്രീ. വി. ഹരീന്ദ്രനാഥ്, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK